31/05/2025

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor: SINDHU.K.S Editor: Dr. Binu Harriet Ivan

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 31/05/2025

1. സംസ്ഥാനത്ത് നിലവിലെ കനത്ത മഴ മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടം വിലയിരുത്തുന്നതിനും, അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനുമായി എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്. ജില്ലകളിലെ കണ്ട്രോൾ റൂമുകളുടെ നമ്പറുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | 9447242977, | 9383470086 |
| കൊല്ലം | 9447349503, | 9383470318 |
| പത്തനംതിട്ട | 9446041039, | 9383470499 |
| ആലപ്പുഴ | 7994062552, | 9383470561 |
| കോട്ടയം | 9447659566, | 9383470704 |
| ഇടുക്കി | 9847686234, | 9383470821 |
| എറണാകുളം | 9497678634, | 9383471150 |
| തൃശൂർ | 9446549273, | 9383473242 |
| പാലക്കാട് | 9447364599, | 9383471457 |
| മലപ്പുറം | 9447227231, | 9383471618 |
| കോഴിക്കോട് | 9656495737, | 9383471779 |
| വയനാട് | 9495012353, | 9383471912 |
| കണ്ണൂർ | 9447372315, | 9383472028 |
| കാസർഗോഡ് | 9447289615 | ,9383471961 |
| ഡയറക്ടറേറ്റ് | 9496267883, | 9383470057 |

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള മണ്ണുത്തിയിലെ കമ്മ്യൂണിക്കേഷൻ സെന്റർ, തൃശൂർ ജില്ലയിലെ കോളേജ് വിദ്യാർത്ഥികൾക്കായി ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി മൊബൈൽ ഫോട്ടോഗ്രഫി മത്സരം സംഘടിപ്പിക്കുന്നു. വിഷയം: Beat Plastic Pollution. യോഗ്യത: തൃശ്ശൂർ ജില്ലയിലെ കോളജുകളിലെ UG & PG വിദ്യാർത്ഥികൾ അപേക്ഷിക്കേണ്ട അവസാന തീയതി: ജൂൺ 1, തെരഞ്ഞെടുത്ത ചിത്രങ്ങൾ കമ്മ്യൂണിക്കേഷൻ സെന്ററിലെ പരിസ്ഥിതി ദിനാചരണത്തിൽ പ്രദര്ശിപ്പിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്കും, ബ്രോഷർ ലഭിക്കുന്നതിനും ccphotographyjune5@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടേണ്ടതാണ്.

3. അഗ്രികൾച്ചറൽ പ്രമോഷണൽ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള തൊണ്ണൂറ്റി ഒൻപത് വ്യത്യസ്ത തരത്തിലുള്ള മാമ്പഴങ്ങളുടെ പ്രദർശന വിപണന മേള കലൂർ സ്റ്റേഡിയം ലിങ്ക് റോഡിലെ നെഹ്റു സ്റ്റേഡിയം ഗ്രൗണ്ടിൽ ആരംഭിച്ചു.

4. ക്ഷീരവികസന വകുപ്പിൻ്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ലോക ക്ഷീരദിനത്തിൻ്റെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 1 ന് ടാഗോർ തീയേറ്ററിൽ ക്ഷീരവികസന മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കുന്നു. അഡ്വ. ആൻ്റണി രാജു എം എൽ എ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ഡോ ശശി തരൂർ എം പി മുഖ്യാതിഥിയാവും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മൃഗസംരക്ഷണ വകുപ്പ്, മിൽമ, കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെൻ്റ് ബോർഡ്, കേരള ഫീഡ്സ്, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവയുടെ സഹകരണത്തോടെ വിവിധ പരിപാടികളും ശില്പശാലയും നടക്കും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. തിരുവനന്തപുരം ജില്ലയിൽ അനുവദിച്ചിട്ടുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകളിലും/രാത്രികാല അടിയന്തിര മൃഗചികിത്സാ സേവന പദ്ധതിയിലേയക്കുമുള്ള വെറ്ററിനറി ഡോക്ടറുടെ ഒഴിവിലേയ്ക്ക് എംപ്ലോയ്മെന്റ് /CMD വഴി നിയമനം നടത്തുന്നതുവരെയോ 89 ദിവസം വരെയൊ താൽകാലികാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നതിനായി 31/05/20250 രാവിലെ 10.00 മണിയ്ക്ക് ജില്ലാ മൃഗസംരക്ഷണ ഓഫീസ്. എസ്.എസ് കോവിൽ റോഡ്, തമ്പാനൂരിൽ വച്ച് വാക്-ഇൻ-ഇൻ്റർവ്യൂ നടത്തുന്നു. കേരള സ്റ്റേറ്റ് വെറ്ററിനറി കൗൺസിൽ (KSVC) രജിസ്ട്രേഷൻ ഉള്ള വെറ്ററിനറി ഡോക്ടർമാർക്ക് ഇൻ്റർവ്യുവിന് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി 0471 2330736 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ് ഇൻ്റർവ്യുവിന് പങ്കെടുക്കുമ്പോൾ ബയോഡേറ്റയും, സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പുകളും ഏതെങ്കിലുമൊരു തിരിച്ചറിയൽ രേഖയും ഹാജരാക്കേണ്ടതാണ്.

6. കേരള കാർഷിക സർവകലാശാലയുടെ വിവിധ ക്യാമ്പസുകളിൽ 2025-26 അധ്യയന വർഷത്തിലെ +2/ തത്തുല്യ യോഗ്യത അടിസ്ഥാനമായുള്ള താഴെ പറയുന്ന കോഴ്സുകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള (25.04.25 ലെ വിജ്ഞാപനം) അവസാനതിയതി **10.06.2025** വരെ നീട്ടിയിരിക്കുന്നു. ബി.എസ്.സി.-എം.എസ്.സി. ഇന്റെഗ്രേറ്റഡ് ബയോളജി, ബി.എസ്.സി.-എം.എസ്.സി. ഇൻഗ്രേറ്റഡ് മൈക്രോബയോളജി, ഡിപ്ലോമ ഇൻ റീറ്റെയിൽ മാനേജ്മന്റ്, ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കനൈസേഷൻ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ്പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തിയതി 31.05.2025. അന്വേഷണങ്ങൾക്ക് 0487-243-8139 എന്ന നമ്പറിൽ ഓഫിസ് സമയത്ത് (രാവിലെ 10 മുതൽ വൈകീട്ട് 5 വരെ) ബന്ധപ്പെടാവുന്നതാണ്.